# മടവൂർ വിഭാഗം മറുപടി പറയണം

പി.അബ്ദുൽ ജബ്ബാർ മൗലവി

പ്രാർത്ഥന സ്വീകരിച്ച് ആവശ്യം സാധിപ്പിച്ചു കൊടുക്കുവാൻ ഒരു സൃഷ്ടിക്കും സാധ്യമല്ല. ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിൽ ഒരു സൃഷ്ടിക്ക് മറ്റൊരു സൃഷ്ടിയെ സഹായിക്കുവാൻ കഴിയും എന്നതുകൊണ്ട് അത്തരം സഹായാർത്ഥനയിൽ പ്രാർത്ഥന വരുന്നില്ല. ഭൗതിക മാർഗ്ഗത്തിൽ തന്നെ സഹായിക്കാനായി ഒരാൾ മറ്റൊരു വ്യക്തിയോട് സഹായം ചോദിച്ചാൽ ഭൗതിക മാർഗ്ഗത്തിൽ സഹായിക്കാൻ ആ വ്യക്തിക്ക് കഴിയും. അതിൽ പ്രാർത്ഥനയോ ആരാധനയോ ഇല്ല.

ഇന്നിവിടെ വലിയൊരു സമൂഹത്തിന്റെ ആരാധ്യനാണ് സായിബാബ. കർണാടകയിലെ തന്റെ ആസ്ഥാനത്തുള്ള അദ്ദേഹം തന്റെ പ്രാർത്ഥന അറിയും എന്ന വിശ്വാസത്തിൽ കേരളത്തിൽ വെച്ച് ഒരു സായിഭക്തൻ തന്റെ പൂജാമുറിയിൽ നിന്നോ പുറത്ത് നിന്നോ ബാബയോട് സഹായം തേടിയാൽ അത് പ്രാർത്ഥനയാണ്. ബാബക്ക് അർപ്പിക്കപ്പെടുന്ന ആരാധനയാണ്. ആ പ്രാർത്ഥനക്ക് ഉത്തരം നൽകാൻ, അത് കേട്ട് കാര്യം സാധിച്ച് കൊടുക്കാൻ സായിബാബക്ക് സാധിക്കുകയില്ല.

ഇനിയിവിടെ ഒരു കാര്യം മനസ്സിലാക്കുക. അയാൾ ഒരു സമൂഹത്തിന്റെ ആരാധ്യനാണ് എന്നത് കൊണ്ട് ഒരാളെയും സഹായിക്കാൻ അയാൾക്ക് കഴിയുകയില്ല എന്ന് വരുമോ?. ഇല്ല. അയാളെ നേരിൽ കണ്ട് സഹായാർത്ഥന നടത്തിയാൽ പ്രത്യുത്തരം നൽകാൻ കഴിയുകയില്ല എന്ന് വരുമോ?. അതുമില്ല. ഭൗതികമാർഗ്ഗത്തിൽ സഹായിക്കാൻ കഴിയും. ഒരു സായിഭക്തൻ ബാബയുടെ ആസ്ഥാനത്ത് ചെന്ന് ഇവിടുത്തെ ഹോസ്പിറ്റലിൽ ഒരു അഡ്മിഷന് വേണ്ടി എനിക്കൊരു എഴുത്ത് നൽകണമെന്ന് നേരിൽ ആവശ്യപ്പെട്ടാൽ കൊടുക്കാൻ അയാൾക്ക് കഴിയുകയില്ലേ? എഴുത്ത് നൽകിയോ വിളിച്ചറിയിച്ചോ ആളെ അയച്ചോ അഡ്മിഷൻ വാങ്ങിക്കൊടുക്കാൻ സായിബാബക്ക് കഴിയുകയില്ല എന്ന് വിശ്വസിക്കണോ?.

മറ്റൊരു സായിഭക്തൻ ബാബയുടെ ആസ്ഥാനത്ത് ചെന്നിരുന്ന് ബാബയെ നേരിൽ കണ്ട് കൊണ്ട് എനിക്ക് കർണാടകയിൽ നല്ലൊരു ജോലി വാങ്ങിത്തരണേ എന്ന് മനസ്സിൽ പ്രാർത്ഥന നിനച്ചാൽ സായിബാബ അത് അറിയുമോ?. ഇല്ല. അത് കാരണം ജോലി വാങ്ങിക്കൊടുക്കാൻ കഴിയുമോ?. ഇല്ല. ആ പ്രാർത്ഥന അയാൾ അറിയുകയില്ല.

സായിബാബ എന്തുദ്ദേശിച്ചാലും അത് സംഭവിക്കും എന്ന വിശ്വാസത്തിൽ, അഭൗതിക മാർഗ്ഗത്തിൽ എന്ത് സാധിപ്പിക്കാനും കഴിയും എന്ന വിശ്വാസത്തിൽ ഒരു സായിഭക്തൻ അദ്ദേഹം കേൾക്കാതെ എനിക്കിവിടെ കർണാടകയിൽ ഒരു ഉയർന്ന ജോലി സാധിപ്പിച്ചു തരണേ എന്ന് പ്രാർത്ഥിച്ചാൽ പ്രാർത്ഥനക്കുത്തരം നൽകാൻ സായിബാബക്ക് കഴിയുമോ?. ഇല്ല. അദ്ദേഹം അത് അറിയുന്നില്ല, എന്നാൽ ഉന്നത തൊഴിൽ പറഞ്ഞ് ശരിയാക്കിക്കൊടുക്കാൻ ബാബക്ക് കഴിയുകയില്ലേ?. കഴിയും. അങ്ങനെ ജോലി ശരിപ്പെടുത്തിക്കൊടുത്താൽ അത് പ്രാർത്ഥനക്കുള്ള ഉത്തരമാണോ?. അല്ല. പ്രാർത്ഥന സ്വീകരിച്ചതാണോ?. അതുമല്ല. ആ ഭക്തന്റെ ആവശ്യം അയാൾ ഭൗതിക മാർഗ്ഗത്തിൽ അറിഞ്ഞ് അത് ഭൗതികമാർഗ്ഗത്തിൽ ശരിയാക്കിക്കൊടുത്തു എന്നല്ലാതെ പ്രാർത്ഥന സ്വീകരിക്കാൻ ഒരു പടപ്പിനും കഴിയുകയില്ല.

ഇതൊന്നും മനസ്സിലാക്കാത്ത ഒരാൾ എങ്ങനെ തൗഹീദ് പഠിപ്പിക്കും?. എല്ലാ സഹായാർത്ഥനയും പ്രാർത്ഥനയല്ല, പ്രാർത്ഥനയിലെല്ലാം സഹായാർത്ഥനയുണ്ട് എന്ന വ്യത്യാസം അറിയാത്തവർക്ക് തൗഹീദും ശിർക്കും വ്യത്യാസപ്പെടുത്തി എളുപ്പം ഗ്രഹിക്കാൻ കഴിയുകയില്ല. അഭൗതികമാർഗ്ഗത്തിൽ സഹായം പ്രതീക്ഷിച്ച് കൊണ്ട് സഹായം തേടൽ ശിർക്കാണെന്ന് പറയു

മ്പോൾ ഇവിടെ പോലീസിൽ പരാതിപ്പെടാറില്ലേ?, ഡോക്ടറോട് സഹായം തേടാറില്ലേ? എന്നിത്യാദി മറുപടികളുമായി ഇസ്തിഗാസക്ക് കൂട്ട് നിൽക്കാറുള്ള മുസ്‌ലിയാക്കളുടെ 'ദറജ'യിലേക്ക് ഉയർന്നിരിക്കുകയാണിപ്പോൾ എടവണ്ണസുല്ലമിയും!

പൂജിക്കുന്നവരുടെ പ്രാർത്ഥനയില്ലാത്ത സഹായാർത്ഥനക്ക് പ്രത്യുത്തരമായി എങ്ങനെ സഹായിക്കുമെന്ന് ഇപ്പോൾ മുകളിൽ കണ്ടല്ലോ. ഭൗതിക മാർഗ്ഗത്തിൽ ഇങ്ങോട്ട് സഹായം ചെയ്യാൻ കഴിയുന്ന സൃഷ്ടിയോടാണ് മനുഷ്യൻ സഹായം തേടാറുള്ളത്. ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിൽ സഹായിക്കാൻ കഴിയുന്ന സൃഷ്ടിയിൽ നിന്നാണ് മനുഷ്യൻ സഹായം പ്രതീക്ഷിക്കുക. കല്ല് നമുക്ക് സഹായ മാർഗ്ഗമാണ്. കല്ല് നമ്മെ സഹായിക്കുകയില്ല. കാരണം, അത് അചേതന വസ്തുവാണ്. അത് കൊണ്ട് തന്നെ കല്ലിനോടാരും സഹായം തേടുകയില്ല. അല്ലെങ്കിൽ അത് 'വലിയ്യുല്ലാഹി കല്ലാ'ണെന്ന് തോന്നണം. അല്ലെങ്കിൽ പുണ്യശിലയായി പൂജിക്കപ്പെടണം. അപ്പോൾ ആ കല്ലിന് നടത്തുന്ന പൂജകൾ പ്രാർത്ഥനയാണ്. മരത്തോടാരും സഹായം ചോദിക്കാറില്ല. അല്ലാത്ത പക്ഷം അതിന്റെ തണലിൽ വല്ല മസ്താൻമാരും മുമ്പ് ഇരുന്നിട്ടുണ്ടാവണം. അതല്ലെങ്കിൽ അതൊരു 'ഭഗവാൻ വൃക്ഷ'മായോ അല്ലെങ്കിൽ മറ്റു വല്ല അഭൗതിക കഴിവുള്ളതായോ സങ്കൽപ്പിക്കപ്പെടണം. അപ്പോൾ അതിനോട് ആ വിശ്വാസത്തിൽ നടത്തുന്ന സഹായതേട്ടം പ്രാർത്ഥന തന്നെ ആയിരിക്കും.

ഇസ്തിഗാസക്ക് ഹജറുൽ അസ്‌വദിന്റെ ഉദാഹരണം പറയുന്നത് കേൾക്കുമ്പോൾ ചില 'എസ്.എസു'കാർ അതിനെ പൂജിക്കാറുണ്ടോ എന്ന് തോന്നിപ്പോകും എന്നതും ഇടക്ക് വെച്ച് പറയട്ടെ.

ചില പക്ഷി–മൃഗങ്ങളും സ്വമനസ്സാലെയോ നിർബന്ധിതാവസ്ഥയിലോ മനുഷ്യനെ സഹായിക്കാറുണ്ട്. അതായത്, മനുഷ്യൻ അവയെ സഹായക മാർഗ്ഗമായി ഉപയോഗപ്പെടുത്താറുണ്ട്. അതിനെ ശീലിപ്പിച്ച വിഷയത്തിൽ സഹായം ആവശ്യപ്പെട്ടാൽ അതിന് സഹായിക്കാൻ കഴിയുകയും ചെയ്യും. അവയെ ചിലർ പൂജിക്കാറുണ്ട്. അതിനുത്തരം നൽകാൻ ആ മൃഗങ്ങൾക്കോ പക്ഷികൾക്കോ സാധ്യമല്ല. കാര്യം ഒന്നുകൂടി മനസ്സിലാക്കുക. മരണമടഞ്ഞവരോടാരും ഭൗതിക മാർഗ്ഗത്തിൽ സഹായം പ്രതീക്ഷിച്ച് പ്രാർത്ഥനയില്ലാത്ത വിധം സഹായം ചോദിക്കാറില്ല. അതിന് സാധ്യവുമല്ല. അവരോട് പ്രാർത്ഥനയുള്ള അപേക്ഷയാണ് നടത്തുക. ജീവിച്ചിരിക്കുന്ന ഒരാളുടെ അഭാവത്തിൽ അയാളോട് മാധ്യമങ്ങൾ വഴിയല്ലാതെ പ്രാർത്ഥനയില്ലാത്ത സഹായാപേക്ഷ നടത്തുകയില്ല. അതിന് സാധ്യവുമല്ല. കല്ലിനോടോ വൃക്ഷത്തോടോ പ്രാർത്ഥനയില്ലാത്ത സഹായാപേക്ഷക്ക് സാധ്യമല്ല. മറ്റ് ജന്തുക്കളോട് മനുഷ്യൻ ഭൗതിക മാർഗ്ഗത്തിൽ മാത്രമാണ് സഹായം തേടുക. അതിനോട് ഭക്തിയാദരവ് ഉള്ളവർക്കല്ലാതെ പ്രാർത്ഥനയുള്ള അപേക്ഷ അതിനോട് നടത്താൻ സാധ്യമല്ല.

ഇനി അദൃശ്യരായ മറ്റൊരു വിഭാഗമാണല്ലോ ഉള്ളത് അദൃശ്യം എന്ന് പറയുമ്പോൾ അഭൗതികമാണെന്നോ, അഭൗതിക കഴിവുള്ളവർ എന്നോ ധരിക്കരുത്. മലക്കുകളുടെ കഴിവുകൾ അഭൗതികമാണെന്ന് ഈ അടുത്ത കാലത്തായി ചിലർ തിരിച്ച് പറയാൻ തുടങ്ങിയിട്ടുണ്ട് എന്നത് കൊണ്ടാണ് ഇത് പറയാൻ കാരണം. 'നവയാഥാസ്ഥിതികർ' എന്നും 'ശിർക്ക് പ്രചാരകർ' എന്നും ആക്ഷേപിക്കാൻ വേണ്ടി മാത്രമാണ് അത്തരക്കാർ സ്വന്തം കൃതിയിൽ രേഖപ്പെടുത്തിയതിനെതിരെ ഇങ്ങനെ പറയാൻ തുടങ്ങിയത്. അതിരിക്കട്ടെ, മലക്കുകളെ കുറിച്ചും ഭൂതവർഗ്ഗത്തെ കുറിച്ചുമാണ് ഇവിടെ അദൃശ്യർ എന്ന് പ്രയോഗിച്ചത്. നാം ഉദ്ദേശിക്കുമ്പോഴെല്ലാം നമുക്ക് അങ്ങോട്ട് കാണാൻ കഴിയുന്നില്ല, നമുക്ക് ദർശനം സാധ്യമല്ലാതെ നമ്മെ അവർ കാണുന്നു. ഇത് കൊണ്ടാണ് മുകല്ലഫുകളായ അത്തരക്കാരെ കുറിച്ച് അദൃശ്യ ജീവികൾ എന്ന് വിശേഷിപ്പിച്ചത്. ആ അദൃശ്യ ജീവികളോട് പ്രാർത്ഥനയില്ലാത്ത സഹായാർത്ഥന സാധ്യമാണോ?

മലക്കുകളെയും ജിന്നുകളെയും ആരാധിക്കുന്നവരുണ്ട്. അത്തരക്കാർ മലക്കിനോട് അല്ലെങ്കിൽ ജിന്നിനോട് പ്രാർത്ഥിക്കുന്നു. എന്നാൽ അവർക്ക് അഭൗതിക കഴിവുകളില്ലെന്ന് വിശ്വസിക്കുന്ന ഒരാൾക്ക്, കാര്യകാരണ ബന്ധങ്ങൾക്ക് അതീതമായ മാർഗ്ഗത്തിൽ അവർക്ക് ഒന്നും ചെയ്യാൻ സാധ്യമല്ല എന്ന് വിശ്വസിക്കുന്ന ഒരാൾക്ക്, അത്പോലെ നമുക്കില്ലാത്ത പല കഴിവുകളും അവർക്കുണ്ടെങ്കിലും അതെല്ലാം കാര്യകാരണ ബന്ധങ്ങൾക്കതീതമല്ല, അധീനമാണ് എന്ന്

വിശ്വസിക്കുന്ന ഒരാൾക്ക്, അവരോട് പ്രാർത്ഥനയില്ലാത്ത സഹായാർത്ഥന നടത്താൻ കഴിയുമോ?. കഴിയുമെന്നാണ് ശബാബിലുള്ളത്. അത് തന്നെയാണ് യുവതക്കാരുടെ കൃതിയിലുമുള്ളത്. നോക്കൂ.

''ജിന്നുകൾക്ക് അല്ലാഹു നൽകുന്ന കഴിവ് മനുഷ്യ കഴിവിന്നതീതമെങ്കിലും അതിനെ അഭൗതികമെന്ന് വിശേഷിപ്പിക്കുന്നത് ഇസ്‌ലാമിക കാഴ്ച്ചപ്പാടിൽ ശരിയല്ല. അഭൗതികമായ കഴിവ് എന്ന് നാം പറയുമ്പോൾ ഉദ്ദേശിക്കുന്നത് അല്ലാഹു സൃഷ്ടികൾക്കാർക്കും നൽകിയിട്ടില്ലാത്ത കഴിവാണ്'' (പ്രാർത്ഥന, തൗഹീദ് ചോദ്യങ്ങൾക്ക് മറുപടി-പേജ് 78). ഇത് തന്നെയാണ് ശബാബിലുമുള്ളതും.

വേറെയും കാണുക. ''സൃഷ്ടികൾക്ക് നൽകപ്പെട്ട കഴിവിന് അതീതമായ കാര്യങ്ങളിൽ സഹായം തേടലാണ് പ്രാർത്ഥന..........'' (അതേ പുസ്തകം-പേജ് 103).

ഇനിയും കാണുക. ''അതുപോലെ വിജന പ്രദേശത്ത് ഉണ്ടായേക്കാൻ ഇടയുള്ള ജിന്നുകളും മലക്കുകളും ഉൾപ്പെടെയുള്ള സൃഷ്ടികളോട് അവർക്ക് കഴിവ് നൽകപ്പെട്ട വിഷയത്തിൽ സഹായം ആവശ്യപ്പെട്ടാൽ അതും പ്രാർത്ഥനയാണെന്ന് പറയാവുന്നതല്ല'' (പ്രാർത്ഥന, തൗഹീദ്.........പേജ് 103).

ഇതേ കാര്യം ശബാബിൽ വന്നതല്ലേ?. കൂടാതെ വിളിച്ചന്വേഷിക്കാനുള്ള ആഹ്വാനവും നിങ്ങളുടെ പ്രസിദ്ധീകരണത്തിലില്ലേ?. എന്തിനായിരിക്കും ഈ മനുഷ്യനിങ്ങനെ വീണ്ടും വീണ്ടും ഇത് പലരേക്കൊണ്ടും എഴുതിപ്പിക്കുന്നത്?

യുവതക്കാരേ! മുമ്പ് തന്നെ ശബാബിൽ സ്ഥലം പിടിച്ച ഇതേ കാര്യം ഇസ്‌ലാഹിൽ വന്നപ്പോൾ നിങ്ങൾക്കെങ്ങനെ ഇത് ശിർക്കായി? അമ്പലക്കടവും അനുയായികളും കുതന്ത്രം പ്രയോഗിച്ചപ്പോൾ സ്വന്തം കൃതിയിലുള്ള കാര്യം മറന്ന് നിങ്ങളും അവരുടെ കൂടെ ചേർന്ന് ഏറ്റെടുത്ത വിവരക്കേടല്ലേ?

സുല്ലമീ, പ്രാർത്ഥനയും പൂജയും അല്ലെങ്കിൽ പ്രാർത്ഥനയും ആരാധനയും രണ്ടും രണ്ടായി മനസ്സിലാക്കിയത് കൊണ്ടല്ല, അല്ലെങ്കിൽ അങ്ങനെ രണ്ടായി ജൽപ്പിക്കാനല്ല ''പ്രാർത്ഥനക്ക് ഉത്തരം നൽകാൻ ഒരു സൃഷ്ടിക്കും കഴിയില്ല, തന്നെ പൂജിക്കുന്നവരെയോ തന്നോട് സഹായം ആവശ്യപ്പെടുന്നവരെയോ ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിൽ സഹായിക്കാൻ കഴിയും'' എന്നെഴുതിയത്. മറിച്ച്, ''പിശാച് പൂജകരെ പിശാച് സഹായിക്കും'' എന്ന് മുമ്പ് മുജാഹിദ് പ്രവർത്തകർ ആരോ പറഞ്ഞ വാക്യം എടുത്ത് കൊണ്ട് താങ്കൾ ചോദ്യം ഉണ്ടാക്കിയപ്പോൾ അതിന് മറുപടി നൽകിക്കൊണ്ട് അതേ പ്രയോഗം ഇസ്‌ലാഹിലും ഉദ്ധരിച്ചതാണ്. പിശാച് പൂജകരെ പിശാച് സഹായിക്കുന്നതിന് പിശാച് താങ്ങിക്കൊണ്ട് പോകുന്ന കാര്യം ശബാബിൽ നിന്ന് തന്നെ അതിന്റെ കൂടെ ഉദാഹരണവും ഇസ്‌ലാഹ് സൂചിപ്പിച്ചതാണല്ലോ. പിശാച് പൂജകരെ പിശാച് സഹായിക്കുന്നത് പൂജയിലുള്ള പ്രാർത്ഥനക്കുത്തരമാണ് എന്ന് പാണ്ഡിത്യം ചമയുന്നവർ തെറ്റിദ്ധരിക്കാതിരിക്കാനാണ് പ്രാർത്ഥനക്കുത്തരം ചെയ്യാൻ ഒരു സൃഷ്ടിക്കും സാധ്യമല്ല, പൂജിക്കുന്നവരെ ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിൽ സഹായിക്കാൻ കഴിയുമെന്ന് പറഞ്ഞത്. മാത്രമോ, ''സഹായം ചോദിക്കലും പ്രാർത്ഥിക്കലും ഒന്നാകുന്നു എന്ന സുല്ലമിയുടെ ധാരണ കൊണ്ട് വന്നതാകാം'' എന്നും അവിടെ കൂടെ ചേർത്തത് കണ്ടില്ലേ?. ''ഏതായാലും എല്ലാ സഹായാർത്ഥനയും പ്രാർത്ഥനയാണെന്ന് മനസ്സിലാക്കി വെച്ച ഇജ്തിഹാദിന്റെ മിടുക്ക് തന്നെയാണ് ''സഹായം തേടുകയോ ചെയ്താൽ സഹായിക്കും പ്രാർത്ഥിച്ചാൽ സഹായിക്കില്ല എന്ന ഈ അഭിപ്രായം ആർക്കുള്ളതാണെന്ന ഈ വലിയ ചോദ്യം'' എന്നതും ശബാബിൽ നിന്ന് അതിന്റെ കൂടെയെടുത്തുദ്ധരിച്ചുകൊണ്ട് അതെ ഇസ്‌ലാഹിൽ അതിന്റെ കൂടെ എഴുതിയത് കാണാതെ പോയോ?.

അബ്ദുസ്സലാം സുല്ലമി ചില ആരോപണങ്ങൾ സഹിതം നമ്പറിട്ട് കൊണ്ട് ഏതാനും ചോദ്യങ്ങളും സുല്ലമിയുടെ തന്നെ മറുപടിയും ശബാബിൽ പ്രസിദ്ധീകരിച്ചിരുന്നു. 2009 മെയ് മാസം

ഇസ്‌ലാഹിൽ സുല്ലമിയുടെ ഈ ചോദ്യങ്ങൾക്കും മറുപടികൾക്കും ഒരു മറുപടി ഈ ലേഖകൻ നമ്പറിട്ട് കൊണ്ട് എഴുതുകയുണ്ടായി. എന്നാൽ സുല്ലമിയുടെ വാദങ്ങളെ ഖണ്ഡിച്ച ഭാഗങ്ങളെ കുറിച്ച് എന്തെങ്കിലുമൊന്നെഴുതാൻ ആ മനുഷ്യൻ ശ്രമിച്ച് കണ്ടില്ല. അതിനു സാധിച്ചിട്ടുമില്ല. ആ മറുപടി തൊടാൻ പോലും അദ്ദേഹം ശ്രമിച്ചില്ല. അദ്ദേഹത്തിന്റെ വാദങ്ങളെ ഖണ്ഡിച്ച് തകർത്ത് കൊടുത്തത് ശ്രദ്ധിച്ചതേയില്ല. അതിന്റെ ന്യായങ്ങൾ ശരിയോ തെറ്റോ എന്നത് പോലും മിണ്ടാൻ കഴിഞ്ഞില്ല. സുല്ലമി വിമർശിച്ചെഴുതിയ വാദങ്ങൾ തകർത്ത് കൊടുത്തത് അംഗീകരിച്ചത് പോലെ അതെല്ലാം വിട്ട് കൊണ്ട് എന്റെ മറുപടിയിൽ നിന്ന് സൗകര്യം എന്ന് തോന്നിയ ഒന്നുരണ്ടു വാക്യത്തിൻമേൽ മാത്രം കൂടിയിരിക്കുകയാണ് ആഗസ്റ്റ് പതിനാലിലെ ശബാബിൽ. ഇനിയിപ്പോൾ അതിനും മറുപടി കൊടുത്താലോ?. അതും വിട്ടുകളയും. ശേഷം വേറെ ഏതെങ്കിലും ഒരു വാക്കിൽ പിടിച്ച് എന്തെങ്കിലുമൊരു വിമർശനം ഒപ്പിച്ച് നോക്കും. അതും പൊളിച്ച് കയ്യിൽ കൊടുത്താലോ?. പിന്നെ അതിന് മറുപടിയുണ്ടാവില്ല. ഇനി കൊത്താൻ വേറെ കിട്ടുമോ എന്ന് നോക്കി വഴിമാറും. തന്റെ വാദമാണ് ഇവിടെ തകർന്നത്, അത് സ്ഥാപിക്കൽ തന്റെ ബാധ്യതയാണ് എന്ന് ചിന്തിക്കുമോ?. അതുണ്ടാവില്ല. അല്ലെങ്കിലും എങ്ങനെ എഴുതാൻ?. ആദ്യം വലിയ ന്യായമാണെന്ന് ധരിച്ച് കുറച്ച് പൊട്ടത്തരം എഴുതും. മറുപടി കാണുമ്പോഴാണ് അതും ബാലിശമായിരുന്നു എന്ന് ബോധ്യമാവുക. സുല്ലമീ! ഇതിനെങ്കിലും താങ്കൾ തുടങ്ങി വെച്ച ഭാഗം തൊട്ട് മറുപടി എഴുതണം.

ഇനി സുല്ലമി എഴുതിയത് കാണുക. ''യാഥാസ്ഥിതികർ പോലും എഴുതാൻ മടിക്കുന്ന ശിർക്കും കുഫ്റുമാണ് ഇവരിവിടെ എഴുതുന്നത്. വിശദീകരിക്കാം'' എന്നെഴുതിക്കൊണ്ട് സുല്ലമി ഇസ്‌ലാഹിനെ വിശദീകരിക്കുന്നു.

''(1) പ്രാർത്ഥനക്ക് ഉത്തരം നൽകാൻ ഒരു സൃഷ്ടിക്കും കഴിയുകയില്ല എന്ന് എഴുതിയ ശേഷം പൂജിക്കുന്നവർക്ക് ഉത്തരം നൽകാൻ സാധിക്കുമെന്ന് ഇവർ എഴുതുന്നു''

മറുപടി: ഇതിൽ ഒരു കൊച്ചു തട്ടിപ്പ് ശബാബിൽ സുല്ലമി നടത്തിയിട്ടുണ്ട്. സുല്ലമി പറഞ്ഞത് പോലെ പൂജിക്കുന്നവർക്ക് ഉത്തരം നൽകാൻ സാധിക്കുമെന്ന് ഇസ്‌ലാഹിൽ എഴുതിയിട്ടില്ല. ആദ്യം യഥാർത്ഥ രൂപത്തിൽ സുല്ലമി തന്നെ ഇസ്‌ലാഹിൽ നിന്ന് യെടുത്തുദ്ധരിച്ചതു കാണുക ''പ്രാർത്ഥനയ്ക്ക് ഉത്തരം നൽകാൻ ഒരു സൃഷ്ടിക്കും കഴിയുകയില്ല. തന്നെ പൂജിക്കുന്നവരേയോ തന്നോട് സഹായം ആവശ്യപ്പെടുന്നവരേയോ ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിൽ സഹായിക്കാൻ എല്ലാ സൃഷ്ടികൾക്കും കഴിയും'' ( ഇസ്‌ലാഹ് മാസിക – 2009.മെയ്, പേജ്–7) പൂജിക്കുന്നവർക്ക് ഉത്തരം നൽകാൻ സാധിക്കുമെന്ന് ഇതിലെവിടെ കാണിച്ചുതരാൻ സുല്ലമിക്ക് കഴിയുമോ? എന്തെങ്കിലുമൊരു കൃത്രിമം ചെയ്യാതെ മറുപടി എഴുതാൻ ഈ മനുഷ്യന് കഴിയുകയില്ല. വെറുതെയല്ല ഇയാൾ മുസ്‌ലിയാക്കൻമാർക്ക് ഖണ്ഡനം എഴുതുമ്പോൾ പിന്നീടവർക്ക് മറുപടി എഴുതാൻ കഴിയാതെ കുടുങ്ങിപ്പോകുന്നത്. സുല്ലമീ, പൂജയും ഇബാദത്തും ഒന്നായിരിക്കെ പൂജിക്കുന്നവർക്കുത്തരം നൽകാൻ കഴിയുമെന്ന് ഇസ്‌ലാഹിൽ എഴുതുമോ? വെറുതെ പൂതി പറയണ്ട. പൂജയിൽ പ്രാർത്ഥനയുണ്ട്. ആ പ്രാർത്ഥനക്കുത്തരം നൽകാൻ സൃഷ്ടികൾക്ക് കഴിയുമെന്ന് ഇസ്‌ലാഹിൽ ആരും എഴുതിയിട്ടില്ല. അങ്ങനെയൊരു വ്യാമോഹം വേണ്ടതില്ല. പ്രാർത്ഥനക്കുത്തരം നൽകാൻ ഒരു സൃഷ്ടിക്കും കഴിയുകയില്ലെന്ന് ഇസ്‌ലാഹിൽ നിന്ന് സുല്ലമി തന്നെ ഉദ്ധരിച്ചില്ലേ? അത് കൊണ്ട് അവിടെ നിന്ന് കിട്ടാത്ത വ്യാഖ്യാനവും ശറഹും താങ്കളുടെ വക വേണ്ട.

സുല്ലമി തുടരുന്നു. ''അങ്ങനെ പ്രാർത്ഥനയും പൂജയും രണ്ടാണെന്ന് ജൽപ്പിക്കുന്നു'' (ശബാബ് പേജ് 39).

ഇത് സുല്ലമി പൂതി പറഞ്ഞതാണ്. സൃഷ്ടിയെ പൂജിക്കുന്നവൻ തന്റെ പൂജയിലൂടെ തേടുന്നത് എന്താണോ ആ കാര്യം ആ പ്രാർത്ഥനക്കുത്തരമായി ചെയ്ത് കൊടുക്കാൻ പ്രസ്തുത പൂജ്യനും ആരാധ്യനുമായ സൃഷ്ടിക്ക് കഴിയുമെന്നല്ല അവിടെ പറഞ്ഞത്. സായിബാബയെ ആരാധിക്കുന്ന ഒരു സായിഭക്തൻ സായിബാബയെ അയാൾ ജീവിച്ചിരിക്കുന്ന സമയത്ത് നേരിൽ കണ്ട് വല്ലതും ചോദിച്ചാൽ അത് കൊടുക്കാൻ കഴിയുകയില്ലെന്ന് സുല്ലമിക്ക് വാദ

മുണ്ടോ?. ലോകത്ത് സൃഷ്ടികളിൽ ആരാധിക്കപ്പെടുന്നത് കല്ലുകൾ മാത്രമാണ്, അത് കൊണ്ട് ആ കല്ലുകൾക്ക് ഒന്നും ചെയ്ത് കൊടുക്കാൻ കഴിയുകയില്ല എന്ന ഇസ്തിഗാസാ വാദമാണോ സുല്ലമിക്കുള്ളത്? പിശാചിനെ പ്രീതിപ്പെടുത്തുന്നവരെ അത് സഹായിക്കുമെന്നല്ലാതെ പിശാച് പ്രാർത്ഥനക്ക് ഉത്തരം ചെയ്യുമെന്ന് ഇസ്‌ലാഹിൽ എവിടെയാണുള്ളത് കാണിക്കാമോ?

തുടർന്ന് 'കുടുക്കിക്കളയുന്ന' ഒരു മഹാചോദ്യം കാണുക. ''അപ്പോൾ പ്രാർത്ഥനയുടെയും പൂജയുടെയും വ്യത്യാസം ഇവർ വ്യക്തമാക്കണം'' (ശബാബ്).

മറുപടി: വ്യത്യാസമുണ്ടെന്ന് എഴുതിയിട്ടില്ല. നിങ്ങൾ കെട്ടിയുണ്ടാക്കിയതാണ്. അത് കൊണ്ട് തന്നെ അങ്ങനെയൊരു വ്യത്യാസം വ്യക്തമാക്കേണ്ടതുമില്ല. ഇനി അവിടുത്തെ 'ഇൽമിന്റെ' സമക്ഷത്തിലേക്ക് അറിവിനായി ഒരു ലളിതമായ കാര്യം പറഞ്ഞ് തരാം. എല്ലാ പൂജയും ഇബാദത്താണ്. എല്ലാ ഇബാദത്തും പൂജയുമാണ് എന്ന് വരുമ്പോൾ അത് പര്യായങ്ങളാണ്. അപ്പോൾ എല്ലാ ആരാധനയിലും പ്രാർത്ഥനയുണ്ട്. എല്ലാ പൂജയിലും പ്രാർത്ഥനയുണ്ട്. എവിടെ ആരാധന നടക്കുന്നുണ്ടോ അവിടെ പ്രാർത്ഥനയുണ്ട്. എവിടെ പൂജ നടക്കുന്നുണ്ടോ അവിടെ പ്രാർത്ഥനയുണ്ട്. പ്രാർത്ഥനയില്ലാത്ത ആരാധനയില്ല. പ്രാർത്ഥനയില്ലാത്ത പൂജയുമില്ല.

സുല്ലമി ചോദിക്കുന്നു. ''പ്രാർത്ഥനയില്ലാതെ ഒരു സംഗതി എങ്ങനെയാണ് പൂജിക്കലാവുക'' (ശബാബ്).

മറുപടി: അങ്ങനെ ഉണ്ടാവുമെന്ന് ഇവിടെ വാദവുമില്ലല്ലോ. നിങ്ങൾ പടച്ചുണ്ടാക്കിയതല്ലേ?

''(2). മരണപ്പെട്ടവരോട് പ്രാർത്ഥിച്ചാൽ അവർ ഉപകാരം ചെയ്യുകയില്ലെന്ന് ഇവർ എഴുതുന്നു. എന്നാൽ സഹായം അവശ്യപ്പെടുന്നവരെ അവർ സഹായിക്കുമെന്ന് ജൽപ്പിക്കുന്നു'' (ശബാബ്).

മറുപടി: സുല്ലമിയുടെ ഈ വാദം വേറെയൊരു പൊട്ടത്തരമാണ്. മരണപ്പെട്ടവരോട് പ്രാർത്ഥനയില്ലാത്ത ഒരു സഹായാർത്ഥനക്ക് സാധ്യമല്ല. എന്നിട്ട് അവരും സൃഷ്ടികളല്ലേ എന്ന വലിയൊരു ചോദ്യവും. ഇതാണ് പൊട്ടത്തരം.

സുല്ലമീ, അവരും സൃഷ്ടികൾ തന്നെയാണ്. പക്ഷെ, മരണമടഞ്ഞവർക്ക് ഭൗതികമാർഗ്ഗത്തിൽ സഹായിക്കാൻ സാധ്യമല്ല. പിന്നെ അഭൗതിക മാർഗ്ഗത്തിൽ സഹായിക്കാൻ കഴിയുമെന്ന വിശ്വാസം വേണം. ആ വിശ്വാസത്തിൽ സഹായം ചോദിക്കൽ തന്നെയാണ് പ്രാർത്ഥന. അതില്ലെങ്കിൽ പിന്നെ ഇസ്തിഗാസക്കാരുമായി എന്ത് വ്യത്യാസം?.

''(3) മരണപ്പെട്ടവരോട് പ്രാർത്ഥിച്ചാൽ സഹായിക്കുകയില്ലെന്നും സഹായം തേടിയാൽ സഹായിക്കുമെന്നും കരുതിയുള്ള മരണപ്പെട്ടവരോടുള്ള സഹായതേട്ടം പ്രാർത്ഥനയല്ലെന്നും ഇവർ പ്രഖ്യാപിക്കുന്നു'' (ശബാബ്).

മറുപടി: ഇത് രണ്ടാം നമ്പർ പൊട്ടത്തരത്തിന്റെ ബാക്കിഭാഗം തന്നെയാണ്. അതിനുള്ള മറുപടിയും അവിടെ കഴിഞ്ഞു.

സുല്ലമി തുടരുന്നു. ''മുജാഹിദ് പ്രസ്ഥാനത്തെ ഇവർ പിളർത്തിയതിന്റെ ഉദ്ദേശ്യം..........'' (ശബാബ്)

മറുപടി: സംഘടനാപരമായ കാര്യത്തിൽ ഈ ലേഖകൻ മറുപടി എഴുതുന്നില്ല. പക്ഷെ അക്കാര്യം വലിച്ചിഴച്ച് കൊണ്ടു വന്നതിനെക്കുറിച്ച് ചിലത് പറയാനുണ്ട്. അത് വഴിയെ. എന്നാൽ ആദർശത്തിൽ ജഹാലത്ത് മാത്രം വിളിച്ച് പറയാൻ മടി കാണിക്കാത്ത ഒരാൾക്ക് സംഘടനാ വിരോധത്തിന്റെ പേരിൽ മാത്രം കൂട്ടു നിൽക്കുന്നവരെക്കുറിച്ച് അൽപ്പം പോലും മതിപ്പില്ല.

‘‘(4) സൂര്യനെ പൂജിക്കുകയും സൂര്യനോട് സഹായം തേടുകയും ചെയ്യുന്ന ഒരു വിഭാഗം ഇന്നും അന്നും ഉണ്ടായിട്ടുണ്ട്. സൂര്യൻ അല്ലാഹുവിന്റെ സൃഷ്ടിയാണ്. അപ്പോൾ സൂര്യനും അതിനെ പൂജിക്കുകയും അതിനോട് സഹായം തേടുകയും ചെയ്യുന്നവരെ സഹായിക്കുമെന്നാണ് ഇവർ എഴുതുന്നത്............’’ (ശബാബ്).

മറുപടി: ആദ്യം പറഞ്ഞ പൊട്ടത്തരത്തിന്റെ ബാക്കി പിന്നെയും വന്നുവെന്ന് മാത്രം. പ്രാർത്ഥനക്കുത്തരം ചെയ്യാൻ ഒരു സൃഷ്ടിക്കും സാധ്യമല്ലെന്ന് ഇസ്‌ലാഹിൽ അതേ സ്ഥലത്ത് തന്നെ വ്യക്തമാക്കിയിട്ടുണ്ട്. സൂര്യനോട് പ്രാർത്ഥിക്കുന്ന പൊട്ടൻമാരെപ്പോലെത്തന്നെ പ്രാർത്ഥനയില്ലാത്ത സഹായതേട്ടത്തിന് ഏതെങ്കിലും പൊട്ടൻമാർ പോവാറുണ്ടോ എന്നറിയില്ല.

‘‘(5) ചന്ദ്രൻ, പശു, പരുന്ത്...............മുതലായവയെല്ലാം സൃഷ്ടികളാണ്. ഇവയെ പൂജിക്കുകയും ഇവയോട് സഹായം ആവശ്യപ്പെടുകയും ചെയ്യുന്നവർ ഈ ഭൂമിയിലുണ്ട്. ഇവരുടെ ഈ പൂജ കൊണ്ടും സഹായം ആവശ്യപ്പെടൽ കൊണ്ടും ഈ ആരാധ്യർ സഹായിക്കുമെന്നാണ് നവയാഥാസ്ഥിതികർ പറയുന്നത്.......’’(ശബാബ്)

മറുപടി: ഇതെല്ലാം ആദ്യം പറഞ്ഞതിന്റെ ആവർത്തനമാണ്. ഈ പറയപ്പെട്ടവയിലൊക്കെ പ്രാർത്ഥനയാണുള്ളത്. ശ്രീകൃഷ്ണനെ ആരാധിക്കുകയാണ്, പ്രാർത്ഥനക്കുത്തരം കിട്ടുകയില്ലല്ലോ. പശുവിനെ ആരാധിക്കുന്നവരുണ്ട്. അതിനോടുള്ള ആ പ്രാർത്ഥനക്ക് ഉത്തരം കിട്ടുകയില്ല എന്ന് ഇസ്‌ലാഹ് വ്യക്തമാക്കി. പിന്നെ പശുവിനെ പിടിച്ച് വെച്ച് കറന്നെടുക്കും എന്നല്ലാതെ അതിനോട് സഹായം ആവശ്യപ്പെടാറുണ്ടോ? ഇനി ആരെങ്കിലും ഏതെങ്കിലും ഒരു ജീവിയോട് സഹായം ആവശ്യപ്പെടുന്നുവെങ്കിൽ അതിന് കഴിയാത്തത് ചോദിക്കുകയില്ല. ആനയെ കീഴ്പ്പെടുത്തി അതിനോട് അഭ്യർത്ഥിച്ച് കൊണ്ട് അതിന്റെ സഹായം തേടാറുണ്ട്. എന്നാൽ അതിന് അറിയാനോ പ്രവർത്തിക്കാനോ കഴിയാത്ത കാര്യം ആരും ആവശ്യപ്പെടുകയില്ല.

‘‘(6) മക്കാ മുശ്‌രിക്കുകൾ മുസ്‌ലിം ജിന്നുകളെ പൂജിക്കുകയും അവരോട് സഹായം തേടുകയും ചെയ്തിരുന്നു. യാതൊരു സഹായവും ഈ ജിന്നുകൾക്ക് ചെയ്ത് കൊടുക്കാൻ സാധ്യമല്ലെന്ന് വിശുദ്ധ ക്വുർആൻ പ്രഖ്യാപിക്കുന്നു. എന്നാൽ നവയാഥാസ്ഥിതികർ ക്വുർആനെ നിഷേധിച്ചു കൊണ്ട് സഹായിക്കാൻ സാധിക്കുമെന്ന് എഴുതുന്നു.’’ (ശബാബ്)

മറുപടി: ഇക്കാര്യം ശബാബിനും യുവതക്കും വീണ്ടും വീണ്ടും പഠിപ്പിക്കുക. അവരുടെ കൃതിയിലാണ് മരുഭൂമിയിൽ ഒറ്റപ്പെട്ടു പോയാൽ രക്ഷക്കെത്തുമെന്ന് പറഞ്ഞത്.

ജിന്നുകൾക്ക് അവരോട് ചെയ്യുന്ന പ്രാർത്ഥനക്ക് ഉത്തരം ചെയ്യാൻ കഴിയുകയില്ല എന്നാണ് അല്ലാഹു പറഞ്ഞതിലുള്ളത്. ജിന്നുകളോട് ആരെങ്കിലും പ്രാർത്ഥിക്കുന്നുണ്ട് എന്നത് കൊണ്ട് ആർക്കെങ്കിലും വല്ല സഹായവും ചെയ്ത് കൊടുക്കാൻ കഴിയുകയില്ലെന്ന് എവിടെയും പറഞ്ഞിട്ടില്ല.

‘‘(7) മക്കാമുശ്‌രിക്കുകൾ പിശാചുക്കളെ പൂജിക്കുകയും പിശാചുക്കളോട് സഹായം ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഈ പിശാചുക്കൾക്ക് യാതൊരു സഹായവും അവർക്ക് ചെയ്ത് കൊടുക്കാൻ സാധ്യമല്ലെന്ന് വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു. നവയാഥാസ്ഥിതികർ സഹായം ചെയ്ത് കൊടുക്കാൻ സാധിക്കുമെന്നും പറയുന്നു.’’

മറുപടി: പിശാചുക്കൾക്ക് പ്രാർത്ഥനക്കുത്തരം നൽകാൻ കഴിയുകയില്ലെന്നാണ് ക്വുർആൻ പറഞ്ഞിട്ടുള്ളത്. ആർക്കും ഒരു സഹായവും ചെയ്ത് കൊടുക്കാൻ കഴിയുകയില്ലെന്ന് ക്വുർആനിലില്ല. അത് സുല്ലമി ക്വുർആനിന്റെ പേരിൽ ജിന്നുബുക്കിൽ ഒപ്പിച്ച കളവാണ്.

‘‘(8) മക്കാ മുശ്‌രിക്കുകൾ അല്ലാഹുവിന്റെ മലക്കുകളെ പൂജിക്കുകയും അവരോട് സഹായം ആവശ്യപ്പെടുകയും ചെയ്തിരുന്നു. മലക്കുകൾക്ക് ഇവരെ യാതൊരു നിലക്കും സഹായിക്കാൻ സാധ്യമല്ലെന്ന് വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു. തൗഹീദിൽ നിന്ന് വ്യക്തമായ വ്യതിയാനം

സംഭവിച്ചവർ ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിൽ സഹായിക്കാൻ സാധിക്കുമെന്ന് ജൽപ്പിക്കുന്നു'' (ശബാബ്)

മറുപടി: മലക്കുകളെ ആരാധിക്കുന്നത് അവർ അറിയുന്നുണ്ടെങ്കിൽ അത്തരക്കാരോട് അവർ കോപിക്കുകയാണുണ്ടാവുക. ആരുടെ പ്രാർത്ഥനക്കുത്തരം ചെയ്യുവാനും അവർക്ക് സാധ്യമല്ല. എന്നാൽ മലക്കുകൾക്ക് ആരെയും ഒരു നിലക്കും സഹായിക്കുവാൻ സാധ്യമല്ലെന്ന് വാദിക്കുന്നവൻ ഏറ്റവും വലിയ പൊട്ടനാണ്. പിന്നെ രക്ഷക്കെത്തുമെന്ന് നിങ്ങളുടെ പ്രസിദ്ധീകരണത്തിൽ എഴുതിയതും ''വിജനപ്രദേശത്ത് ഉണ്ടായേക്കാൻ ഇടയുള്ള ജിന്നുകളും മലക്കുകളും.............'' ''സഹായം ആവശ്യപ്പെട്ടാൽ അത് പ്രാർത്ഥനയാണെന്ന് പറയാവുന്നതല്ല'' എന്നിങ്ങനെയൊക്കെ എഴുതി വിട്ടത് മറന്ന് കൊണ്ട് പൊട്ടത്തരം വിളമ്പരുത്.

''(9) കൃസ്ത്യാനികൾ യേശുകൃസ്തുവിനെ പൂജിക്കുകയും അദ്ദേഹത്തോട് സഹായം ആവശ്യപ്പെടുകയും ചെയ്യുന്നു. ഇവരെ സഹായിക്കാൻ ഇദ്ദേഹത്തിന് ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിൽ സാധ്യമല്ലെന്ന് വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു. എ.പി വിഭാഗം മുജാഹിദുകൾ ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിൽ സഹായിക്കുമെന്ന് ഇസ്‌ലാഹ് മാസികയിൽ എഴുതുന്നു.''

മറുപടി: അവർ യേശുവിനോട് പ്രാർത്ഥിക്കുകയാണ് ചെയ്യാറ്. പ്രാർത്ഥനയില്ലാത്ത സഹായതേട്ടമല്ല യേശുവിനോട് അവർ നടത്തുന്നത്. പ്രാർത്ഥനക്കുത്തരം നൽകാൻ സാധ്യമല്ല.

''(10) വിശുദ്ധ ക്വുർആനിൽ പറയുന്നു. ''അവരെ നിങ്ങൾ ദുആ ചെയ്താൽ നിങ്ങളുടെ ദുആ അവർ കേൾക്കുകയില്ല......'' (ഫാത്വിർ 14).മുജാഹിദുകൾ ഇവിടെ ദുആഇന് സഹായം തേടൽ (ഇസ്തിഗാസ) എന്നാണ് അർത്ഥം നൽകാറുള്ളത്............'' (ശബാബ് 40)

മറുപടി: ഈ പൊട്ടത്തരം വളരെ രസാവഹവും വിചിത്രവുമാണ്. ഒരു മഹാതത്വം തന്നെ ഇവിടെ സ്ഥാപിക്കാൻ പോകുന്നു എന്ന ഗമയിൽ ചില പാഴ് വാക്കുകൾ എഴുന്നള്ളിച്ചിരിക്കുകയാണ് സുല്ലമി. അത് എന്തൊക്കെയാണെന്ന് കാണുക.

ഫാത്വിർ 14 ലെ ദുആഇന് സഹായം തേടൽ എന്നാണ് മുജാഹിദുകൾ അർത്ഥം പറയാറുള്ളത്, മരണപ്പെട്ടവരോട് സഹായം തേടൽ ശിർക്കാണെന്ന് സ്ഥാപിക്കാൻ വേണ്ടി വാദപ്രതിവാദങ്ങളിലും മറ്റും ഈ ആയത്താണ് ഞങ്ങൾ ഉദ്ധരിക്കാറുള്ളത്, മലക്കുകളും ജിന്നുകളും ഈസാനബിയും ശ്രീകൃഷ്ണനും മറ്റുമെല്ലാം ഇതിൽ പെടുമെന്ന് മുജാഹിദുകളായ ഞങ്ങൾ വിശ്വസിക്കുന്നു, ഇതേ ആയത്തിലെ ദുആ എന്നതിന് പൂജിക്കുക എന്ന അർത്ഥവുമുണ്ട്, അങ്ങനെ രണ്ട് അർത്ഥവും ഞങ്ങൾ അംഗീകരിക്കുന്നു, മരണപ്പെട്ടവരോടും മലക്കുകളോടും ജിന്നുകളോടും സഹായം ആവശ്യപ്പെട്ടാൽ അവരെ പൂജിക്കലാണ്. (ആഗസ്റ്റ് 14 ലെ ശബാബ് നോക്കുക).

എന്താണ് ഈ സമർത്ഥനത്തിൽ നിന്ന് കിട്ടിയതെന്ന് വായനക്കാർ ചിന്തിക്കുക. ഫാത്വിർ 14-ാം വചനത്തിലെ ദുആഇന് രണ്ട് അർത്ഥമുണ്ട്. രണ്ടും പരിഗണനീയമാകുന്നു. ഒന്ന് സഹായതേട്ടമാകുന്ന ദുആ, മറ്റൊന്ന് ഇബാദത്താകുന്ന ദുആ. രണ്ടർത്ഥമായാലും അത് ശിർക്കായിക്കൊണ്ടാണ് ആ വചനം പഠിപ്പിക്കുന്നത്.

ശിർക്കല്ലാത്ത സഹായതേട്ടമുണ്ടെന്ന് ഇസ്‌ലാഹിൽ പറഞ്ഞത് കാരണം ഇയാൾ എത്ര സാഹസപ്പെട്ടു. വാസ്തവത്തിൽ സൃഷ്ടികളുടെ കഴിവിൽ പെടാത്ത ഏത് കാര്യമാവട്ടെ, അതിൽ സൃഷ്ടികളോട് സഹായം ആവശ്യപ്പെടുന്നത് പ്രാർത്ഥനാഭാവത്തിലല്ലാതെ ഉണ്ടാവുകയില്ല. അതാണ് അഭൗതിക മാർഗ്ഗത്തിൽ ഗുണം പ്രതീക്ഷിച്ച് കൊണ്ടുള്ള തേട്ടം. ആ തേട്ടത്തിലാണ് പരമമായ വിനയവും താഴ്മയും ഉണ്ടാകുന്നത്. അതാണവിടെ ഇബാദത്താകുന്നത്. ആ ഇബാദത്താണവിടെ ശിർക്കാവുന്നത്.

ഫാത്വിർ 14-ാം വചനത്തിലെ ദുആ എന്ന് മാത്രമല്ല പരിശുദ്ധ ക്വുർആൻ ശിർക്കായി വിരോധിച്ച എല്ലാ ദുആഇനും പ്രാർത്ഥന എന്ന അർത്ഥം മാത്രമാണുള്ളത്. അത് ഇബാദത്തുമാണ്. ദുആ പടപ്പുകളോടായാൽ ശിർക്കുമാണ്.

സഹായതേട്ടം ശിർക്കാക്കാൻ ഇത്രയൊക്കെ സാഹസപ്പെടണോ? ചിന്തിക്കുക, ഈ മനുഷ്യന്റെ ഉള്ളിലിരിപ്പ്.

സുല്ലമി ഇനിയെങ്കിലും പഠിക്കുക. സഹായാർത്ഥന രണ്ട് വിധമുണ്ട്. ഒന്ന് പ്രാർത്ഥനയുള്ള സഹായാർത്ഥന. അത് അല്ലാഹുവോട് മാത്രം. മറ്റൊന്ന് പ്രാർത്ഥനയില്ലാത്ത സഹായാർത്ഥന. അത് ആരോടായാലും ശിർക്കാവുകയില്ല. ഇസ്തിഗാസക്കാരോട് തൗഹീദ് പറയുന്നത് പോലെ ഈ സുല്ലമിയോട് പറയേണ്ടി വന്നതിൽ വീണ്ടും ഖേദിക്കുന്നു.

മലക്കിനോടായാലും ജിന്നിനോടായാലും സഹായതേട്ടം ശിർക്കാകുന്നു എന്ന് സാഹസികമായി സ്ഥാപിക്കുന്ന അബ്ദുസ്സലാം സുല്ലമീ, ഹാജറ(റ) ജിബ്രീൽ(അ)യോട് സഹായം തേടിയത് ശിർക്കല്ല എന്ന് എഴുതിയത് തിരുത്തി പ്പറയുമോ? അല്ലെങ്കിൽ വ്യത്യാസമെങ്കിലും വിവരിക്കുക. ശ്രീകൃഷ്ണനടക്കം മൺമറഞ്ഞ കുറെ ആരാധ്യരുടെ പേര് താങ്കൾ പറഞ്ഞല്ലോ. അവരോട് നടത്തുന്ന സഹായതേട്ടം പ്രാർത്ഥനയായത് കൊണ്ടാണത് ശിർക്കായത്. സഹായിക്കാനവർക്ക് സാധ്യമല്ല. ഈസനബി(അ) പ്രസ്തുത ആയത്തിൽ പെടുമെന്ന് തഫ്സീറിൽ നിന്ന് താങ്കൾ ഉദ്ധരിച്ചത് അംഗീകരിക്കുന്നു. അദ്ദേഹം തിരിച്ച് വരുമെന്നാണല്ലോ വിശ്വാസം. താങ്കൾ അംഗീകരിക്കുമോ എന്നറിയില്ല. ഏതായാലും ആ സങ്കൽപ്പത്തിൽ ചോദിക്കട്ടെ, അക്കാലത്ത് അദ്ദേഹത്തെ കാണുന്നവർ വല്ല സഹായവും ചോദിക്കുന്നത് ഫാത്വിർ 14 ന്റെ പരിധിയിൽ വരുമോ?. വ്യക്തമാക്കണം.

ഒരു കാര്യം കൂടി ചോദിക്കട്ടെ. താങ്കൾ എഴുതുന്നു. ഇമാം ഖുർത്വുബി ഇവിടെ സഹായം ആവശ്യപ്പെടുക എന്നാണ് അർത്ഥം നൽകുന്നത്. മലക്കുകളും ജിന്നുകളും അതിൽ പെടുമെന്നും ഖുർത്വുബി പറഞ്ഞതായി താങ്കൾ എഴുതുന്നു. ശരിയാണ്. അല്ലാഹുവല്ലാത്ത ആരോടും പ്രാർത്ഥിക്കരുത്, അത് ശിർക്കാകുന്നു എന്ന് തന്നെയാണ് ആയത്തിലുള്ളത്. ഖുർതുബി വിവരിച്ചതും അത് തന്നെയാണ്. പക്ഷെ, ജിന്നുകളോടും മലക്കുകളോടും സഹായം ആവശ്യപ്പെടുന്നതും ശിർക്കാകുന്നു എന്ന് സ്ഥാപിക്കാനാണല്ലോ താങ്കളിത് എഴുന്നള്ളിച്ചത്. മലക്കുകൾക്കും ജിന്നുകൾക്കും സഹായിക്കാൻ കഴിയുകയില്ലെന്ന് പഠിപ്പിക്കേണ്ടത് പണ്ഡിതനായ ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനിയെയല്ലേ? വിജനപ്രദേശത്ത് ഉണ്ടായേക്കാൻ ഇടയുള്ള ജിന്നുകളും മലക്കുകളും ഉൾപ്പെടെയുള്ള സൃഷ്ടികളോട് അവർക്ക് കഴിവ് നൽകപ്പെട്ട വിഷയത്തിൽ സഹായം ആവശ്യപ്പെട്ടാൽ അത് പ്രാർത്ഥനയാണെന്ന് പറയാവതല്ല എന്ന് ശബാബിൽ എഴുതിയത് അദ്ദേഹമല്ലേ? സുല്ലമി പറയുന്നു സഹായിക്കാൻ കഴിയുകയില്ലെന്ന്. ചെറിയമുണ്ടം പറയുന്നു കഴിവ് നൽകപ്പെട്ട വിഷയത്തിൽ എന്ന്. കഴിവ് ഇല്ലാതെ കഴിവ് നൽകപ്പെട്ട വിഷയം ഉണ്ടാകുമോ?. സുല്ലമി പറയുന്നു ശിർക്കാണെന്ന്. ചെറിയമുണ്ടം പറയുന്നു, പ്രാർത്ഥനയാണെന്ന് പറയാവതല്ലെന്ന്. പ്രാർത്ഥനയില്ലാത്ത ഒരു സഹായാർത്ഥന ശിർക്കായിത്തീരുന്നത് എങ്ങനെയാണെന്ന് സുല്ലമി തെളിയിക്കുമോ?. പ്രാർത്ഥന, തൗഹീദ് ചോദ്യങ്ങൾക്ക് മറുപടി എന്ന പുസ്തകമിറക്കിയ യുവത പറയുമോ?